
(b) No person who has been dismissed frem the service of the Government or of any local authority or who has been debarred from employment in the service of the Government, shall be entertained on the Panchayat staff except with the previous sanction of the Government.

(c) No officer or servant ef the Panchayat in superior service shall be retained in service after he has attained the age of fifty-five years and no officer or servant ef the Panchayat in the inferior service shall be retained in service after he hes attained tbe age of 60 years.

6. The Officers and servants of the Panchayats who are in service and who do net possess the prescribed educational qualifications and whose age exceeds 28 before the cemmencement of these rules, shall be appointed exempting them from prescribed qualifications with the specific sanction ef Government.

7. The salaries and allowances of the officers and servants appointed in the Panchayat shell be paid from the Panchayet fund by the Executive Authority.

8. All posts, permanent or temperary, the creation of which is sanctioned by the competent authority shall, unless the sanction specifies a different date, take effect from the date of tbe sanction..

9. Every prepesal for fixing or altering the number, designations, and grades of the officers and servants under a Panchayat and the salaries, fees and allewances peyable to them shall be accompanied by a proposition statement in duplicate (in form 26 of the Travancore Financial and Account Code—Volume I). The preposition statement shall include:—

(i) the present cost of the establishment or section thereof to which the proposal relates;

(ii) details regarding the number, salaries, fees and allowances of the pest or posts proposed te be added er altered;

(iii) the cost of the establishment er section thereof after revision.

10. (i) Every permanent eppointment to a post in the Panchayat shall be subject to probation for a period of one year on duty.

(ii) The appointing authority may, after the expiry of one year from tbe date of appointment of a person on probation, fer reasons of unsuitability to be specified in writing, revert such person to his permanent post if he is already holding a permanent post, in the service of the Panchayat, or discharge him from service in other cases.

(iii) A person who has completed his period of prebation in a grade satisfactorily shall be confirmed in that post on the expiry of the probationary period.

(iv) A person who has completed his period of probation and is awaiting confirmation shall unless his increment is withheld as a matter of punishmant be entitled to draw the increments earned by him from time to time in the scale of pay, if any, applicable to the post concerned, including his periods of probation.

11. Promotions shall be made in accordance with strict seniority except,

(i) where a senior does not possess the qualifications prescribed for holding the higher post or is definitely proved to be incompetent to hold such post, or

(ii) where on account of his proved serious misconduct it is considared undesirable to promote him.

NOTE :—In tha casa of those who do not possess the qualifications prescribed for holding higher posts, such of them who have put in a claan record of service of not less than 20 years, who are certified to be efficient by the Panchayat concerned and who are not below 45 years of age, shall be promoted with the sanction of Government.

12. Certificates of age, health and nativity shall be obtained by the Executive Authority from evary officer or servant appointed for tha first time to a post in Panchayat service and shall be attached to the first pay bill of such officer or servant.

13. (i) Security shal lbe taken from the Officers and servants of Panchayats holding posts for which securities have been prescribed by the Director.

(ii) Security bonds shall be got executed by all subordinates who have furnished the necessary security.

14. Save as otherwise provided in these rules or in any other rules in force, for the time being, the 'conditions of service' of all officers and sarvants of the Panchayat shall be the same as those of Government servants of similar standing and status in respect of the following mattars, namaly :—

(a) Leave and leave allowances;
(b) Travelling allowance; and
(c) Superannuation and retirement.

15. No advance increment to any Officer or servant of a Panchayat shall ba given.

16. (i) A Panchayat may parmit any of its officers and servants to leave its service permanently and enter the service of any other Panchayat or local body with the approval of the Director and consent of the Panchayat or local body. A Panchāyat may also allow its officers and servants so transferred to count for leava and for pension (in the case of pensionable employees) their previous service under any other Panchayat or local body.

(ii) The local body granting the leave shall pay the leave allowances of the officer or servant from its own funds in the

first instance and arrange to recover from the Panchayat concerned the amount of leave allowances which the latter is liable to pay.

17. A service book shall be maintained in the form prescribed for employees in Government service for every officer or servant of a Panchayat.

18. The Executive Authority shall be responsible for the correct and up-to-date maintenance of the service book of every officer or servant of the Panchayat and he shall record an annual certificate of verification in the service book as early as possible after the end of every year.

19. (a) When any post or posts are abolished, persons shall be selected for discharge or reversion from the Panchayat concerned in the order of juniority:

Provided that no officer or servant shall be discharged on the abolition of any oppointment unless he cannot be provided for otherwise.

Explanation:—An appointment the pay of which is reduced shall be deemed to be abolished within the meaning of this snb-rule.

(b) Where a person to be discharged under snb-rnle (a) holds a post in a grade to which promotions are normally made from a lower grade, he shall, if he so desires, instead of being discharged, be provided with a post in such lower grade and be placed ot the top thereof and snb-rnle (a) shall then be applied to the selection of persons for discharge or reversion from such lower grade.

20. Reasonable notice shall be given to an officer or servant in permanent employment before he is discharged under Rnle 19. If, in any case, notice of at least three months is not given and the officer or servant has not been provided with other employment on the date on which his services are dispensed with, a gratnity not exceeding his emolnments for the period by which the notice already given falls short of three months shall, with the sanction of the authority competent to dispense with the services of the officer or servant concerned, be paid to him.

21. (i) In the absence of an express statement to the contrary, an order for the abolition of a permanent appointment or for the reduction of the emoluments of snch appointment shall not be brought into operation before the expiry of three months after notice has been given to the officer or servant whose services are to be dispensed with on sucb abolition or rednction.

(ii) The Executive Authority shall be responsible for avoiding any unnecessary delay in giving snch notice.

22. Any person who is discharged or reverted nnder snb-rule (a) of Rule 19 shall, within one month from the date on which he was Informed of the order of discharge or reversion, be entitled to appeal against snch order on the ground that, sub-rnle has not been complied with, to the authority to whom an appeal from on order dismissing him would lie.

23. When candidates are required for employment in any post in a Panchayat, preference shall be given to persons discharged or reverted from such posts in the Panchayat, so long as such persons desirous of such appointments are available, appointments being made in the inverse of the order in which they were discharged or reverted from such Panchayat:

Provided that, in the case of a person, who did not, on the date of his discharge or reversion, hold the post substantively, he possesses the qualifications, if any, prescribed for the post or has, before discharge or reversion, been exempted by competent authority from the possession of such qualifications:

Provided also that if the appointing authority considers it undersirable that any specified person should be appointed under this rule, such authority may, for reasons to be recorded in writing and communicated to the person concerned, refuse to appoint him, and an appeal shall lie from such refusal as if it were an order of dismissal.

24. Any person eligible for re-employment under rule 23 shall be entitled to appeal to the authority to whom an appeal from an order dismissing him would lie on the ground that some person who should have been re-employed later has been re-employed before him. Such appeal shall be preferred within 3 months after the date on which such other person has been re-employed.

25. Where an officer or servant of a Panchayat is found guilty of any negligence or breach of rules or orders in consequence of which pecuniary loss has been caused to the Panchayat, the Executive Authority may, in addition to any other punishment which may be inflicted in respect to such negligence or breach, order that the whole or portion of the loss shall be made good by such officer or servant.

26. No officer or servant of a Panchayat who is convicted of an offence involving moral turpitude shall be retained in its service.

27. No order of dismissal, removal, reduction or suspension not being one pending inquiry, or with-holding increments or promotion, including stoppage at an efficiency bar shall be passed on an officer or servant of a Panchayat (other than an order based on facts which have led to his conviction in a criminal court) unless he has been informed in writing of the grounds on which it is proposed to take action and has been afforded an adequate opportunity of defending himself. The grounds on which it is proposed to take action shall be indicated in the form of a definite charge or charges which shall be communicated to the person charged together with a statement of the allegations on which each charge is based and of any other circumstances which it is proposed to take into consideration in passing orders on the case. He shall be required within a reasonable time to put in a written statement of his defence. The proceedings passing final orders shall contain a clear and

sufficient record of the evidence and a statement of the findings and the grounds thereof :

Provided that this rule shall not apply where the person concerned has absconded, or where it is, for other reasons impracticable to communicate with him.

Explanation 1. The discharge or reversion to a lower post.

(i) of a person engaged under a contract in accordance with the terms of his contract ; or

(ii) of a person appointed otherwise than under a contract, to hold a temporary appointment, on the expiry of the period of the appointment, does not amount to removal or dismissal or reduction within the meaning of this rule.

Explanation—2. The discharge or reversion to a lower post of any person officiating in any post.

(i) if made in accordance with such general or special rules or orders of Government in that behalf, does not amount to removal or dismissal or to reduction within the meaning of this rule, and

(ii) if not so made, shall amount to removal or reduction as the case may be within the meaning of this rule.

28. The Executive Authority of a Panchayat may suspend any officer or servant of the Panchayat pending enquiry into his conduct for a period not exceeding three months, provided that in exceptional cases where the enquiry cannot be completed within three months from the date of suspension, the officer or servant may be suspended for a further period not exceeding three months. During the period of his suspension, such officer or servant shall be paid a subsistence allowance the amount of which shall not exceed one fourth of his salary.

29. No appeal shall lie against the order of the Executive Authority imposing any one or more of the following punishments namely :—

(a) Censure

(b) A fine not exceeding three rupees or a recovery of any sum not exceeding three rupees under rule 25.

(c) Suspension pending enquiry under rule 28.

30. (i) Against all orders of the Executive Authority imposing punishments other than those referred to in rule 29 and against all orders of discharge or reversion to a lower post an appeal shall lie to the Director :

Provided that the discharge or reversion of any person shall not be deemed to be an order imposing a punishment within the meaning of this sub-rule and no appeal shall lie in respect thereof in cases falling under explanation 2 (1) under rule 27.

(ii) Notwithstanding anything contained in the preceding rules the Director or such officer as he may empower in this

behalf may call for the records relating to the punishment of any officer or servant of a Panchayat and pass such orders as may be deemed fit.

(iii) All orders possed on appeal under sub-rule (i) and all orders passed under sub-rule (ii) shall be given effect to by the Executive Anthority immediately.

31. Every Officer or servant of a Panchayat preferring an appeal shall do so separately and in his own name.

32. All oppeals other than those preferred under Rule 22 shall be preferred within three months from the date on which the oppellant received the order appealed against.

33. The Executive Authority of a Panchayat shall not cancel or modify any order of punishment passed by his predecessors in office without the previous sanction of Director.

84. Every appeal preferred under these rules shall contain all material statements and arguments relied on by the appellant and shall be complete in itself.

35. Every appeal shall be submitted through the proper channel and through the authority from whose order the appeal is preferred. A copy of the appeal may, however, be sent direct to the appellate authority, namely, the Director.

36. Any person aggrieved by the orders of the Director may appeal against such orders to Government within thirty days from the date of such orders.

37. The appellate authorities may pass such orders on the appeal as they deem fit, and pending decision of the points under appeal, may direct the authority from whose order the appeal is preferred, to keep the proceedings in abeyance.

38. In these rules :—

(i) 'The Director' means the Director of Panchayats of the Travancore-Cochin State or any other Officer authorised by Government to exercise any of the powers of the Director of Panchayats under these Rules.

(ii) 'Superior service' has the same meaning as in the Travancore-Cochin Service Regulations.

NOTIFICATION.

No. D. Dis. 23268/54/DD. *18th August 1955.*

S. R. O. 30., In exercise of the powers conferred by Section 48 and 112 of the Factories Act (Central Act LXIII of 1948) Government hereby make the following further amendment to Travancore-Cochin Factories Rules, 1952, the same having been previously published as required by Section 115 of the said Act.

AMENDMENT.

In the said Rules, after sub-rule (7) of rule 99, the following shall be added, *viz.*,

"(8) Where the number of children and Infants accommodated in any creche exceeds twentyfive, one woman, experienced in the care of children and infants, shall be appointed for every additional twenty five or less, number of children and infants accommodated, to assist the woman in charge of the creche".

By order of His Highness
the Raj Pramukh,

Government Secretariat,
Development Department,
(Labour Section),
Trivandrum.

V. V. JOSEPH,
Secretary to Government.

പരസ്യം.

നമ്പർ എൽ. ഡി. (ബി) 3-4612/53/ലം. 1955 ജൂൺ 24.

തിരുവിതാംകൂർ-കൊച്ചി നിയമസഭ പാസ്സാക്കിയ താഴെപ്പറയുന്ന ആക്ടിനു് പ്രസിഡന്റിന്റെ അംഗീകാരം സിദ്ധിച്ചിരിക്കുന്നതിനാൽ, പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവൺമെന്റ സെക്രട്ടേറിയററ്
ലാ ഡിപ്പാർട്ടുമെന്റ്,
തിരുവനന്തപുരം.

രാജപ്രമുഖൻ തിരുമനസ്സിലെ
ഉത്തരവിൻപ്രകാരം,
എൻ. എസ്സ്. രാമാനുജനയ്യർ,
ഗവൺമെന്റ സെക്രട്ടറി.

1955-ലെ 17-ാം ആക്ററ്.

തിരുവിതാംകൂർ-കൊച്ചി സിവിൽ കോടതി (ഭേദഗതി) ആക്ററ്.

1951-ലെ തിരുവിതാംകൂർ-കൊച്ചി സിവിൽ കോടതി ആക്ററ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ആക്ററ്.

പീഠിക. 1951-ലെ തിരുവിതാംകൂർ-കൊച്ചി സിവിൽ കോടതി ആക്ററ് (1951-ലെ 22-ാം ആക്ററ്) താഴെപ്പറയപ്പെടുന്ന കാര്യങ്ങൾക്ക വീണ്ടും ഭേദഗതി ചെയ്യുന്നതു് ആവശ്യമെന്നു കരുതുകകൊണ്ടു്,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ആറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമാക്കപ്പെട്ടിരിക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും. (1) ഈ ആക്ററിനു് 1955-ലെ തിരുവിതാംകൂർ-കൊച്ചി സിവിൽ കോടതി (ഭേദഗതി) ആക്ററ് എന്നു പേർ പറയാം.

(2) ഗസററിൽ പരസ്യം മുഖേന ഗവൺമെന്റ നിശ്ചയിക്കാവുന്ന തീയതി മുതൽ ഇതു് പ്രാബല്യത്തിൽ വരുന്നതാണു്.

2. 1951-ലെ 22-ാം ആക്ററ്, 20-ാം വകുപ്പിനുപകരം പുതിയ വകുപ്പുകൾ ചേർക്കൽ.

ഇതിനുശേഷം പ്രസ്തുത ആക്ററ് എന്നു പറയപ്പെടുന്ന 1951-ലെ തിരുവിതാംകൂർ-കൊച്ചി സിവിൽകോടതി ആക്ററ് (1951-ലെ 22-ാം ആക്ററ്) 20-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പുകൾ ചേർക്കണം, അതായതു്,

"20. സ്മാൾകാസ് വ്യവഹാരങ്ങൾ സംബന്ധിച്ചുള്ള ചില കോടതി ഉത്തരവുകൾക്കു് അപ്പീൽ.

(1) 1908-ലെ സിവിൽ നടപടി നിയമം, 104-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് (എഫ് എഫ്) ഖണ്ഡത്തിലും, (എച്ച്) ഖണ്ഡത്തിലും പറഞ്ഞിട്ടുള്ള ഉത്തരവ്, സ്മാൾകാസസ് കോടതിയോ, സ്മാൾകാസ്

അധികാരങ്ങൾ വിനിയോഗിക്കവേ ഒരു ഡിസ്ട്രിക്ട് മുൻസിഫോ, ഒരു സബോർഡിനേറ്റ് ജഡ്ജിയോ പുറപ്പെടുവിച്ചിരുന്നാൽ, അതിന്മേലുള്ള അപ്പീൽ, ആ വകുപ്പനുസരിച്ച് അപ്രകാരമുള്ള ഉത്തരവിന് അപ്പീൽ കൊടുക്കാമായിരുന്ന ഏതെങ്കിലും കാരണത്തിന്മേൽ, ഡിസ്ട്രിക്ട് കോടതി മുമ്പാകെ കൊടുക്കാം.

(2) (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള അത്തരം ഏതെങ്കിലും ഉത്തരവ്, സ്മാൾകാസ് അധികാരങ്ങൾ വിനിയോഗിക്കവേ ഡിസ്ട്രിക്ട് ജഡ്ജി പാസ്സാക്കിയാൽ, അതിന്മേലുള്ള അപ്പീൽ, ആ ഉപവകുപ്പിൽ പ്രസ്താവിതമായ അതേ കാരണത്താൽ, ഹൈക്കോടതിയിൽ കൊടുക്കാവുന്നതാണ്.

20 എ. സ്മാൾകാസ് വ്യവഹാരങ്ങൾ സംബന്ധിച്ചുള്ള കോടതി വിധികളുടെയും ഉത്തരവുകളുടെയും പുനർവിചാരണ:—

സ്മാൾകാസ് കോടതിയോ, സ്മാൾകാസ് അധികാരങ്ങൾ വിനിയോഗിക്കവേ മറ്റേതെങ്കിലും കോടതിയോ തീർച്ച ചെയ്ത ഏതെങ്കിലും കേസ്സിൽ പാസ്സാക്കിയിട്ടുള്ള ഡിക്രിയോ ഉത്തരവോ നിയമാനുസൃതമാണെന്ന് സ്വയം ബോദ്ധ്യപ്പെടുത്തുന്നതിന് ഹൈക്കോടതിക്ക് കേസ്സ് വരുത്തി പരിശോധിച്ച് യുക്തംപോലെ അതുസംബന്ധിച്ച് ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

20 ബി. സ്മാൾകാസ് വ്യവഹാരങ്ങൾ സംബന്ധിച്ചുള്ള കോടതി വിധികളുടെയും ഉത്തരവുകളുടെയും നിർണ്ണയകത്വം:—

ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച്, സ്മാൾകാസ് കോടതിയോ, സ്മാൾകാസ് അധികാരങ്ങൾ വിനിയോഗിക്കവേ മറ്റേതെങ്കിലും കോടതിയോ, പാസ്സാക്കിയിട്ടുള്ള ഡിക്രിയോ ഉത്തരവോ, ഈ ആക്റ്റിൽ മറ്റുപ്രകാരം വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതൊഴികെ, അവസാനത്തേതായിരിക്കും."

3. 1951-ലെ 22-ാം ആക്റ്റ്, 22-ാം വകുപ്പിന്റെ ഭേദഗതി.

പ്രസ്തുത ആക്റ്റ് 22-ാം വകുപ്പ്.

(1) (1)-ാം ഉപവകുപ്പിൽ, "ഡിസ്ട്രിക്റ്റ് മുൻസിഫന്മാരുടെയും സബോർഡിനേറ്റ് ജഡ്ജിമാരുടെയും ഡിക്രികളിലും ഉത്തരവുകളിലുമുള്ള അപ്പീൽ" എന്നതിനുപകരം "ഡിസ്ട്രിക്ട് മുൻസിഫന്മാരുടെ ഡിക്രികളും ഉത്തരവുകളും സംബന്ധിച്ചുള്ളതും, സബോർഡിനേറ്റ് ജഡ്ജിമാരുടെ ചില ഡിക്രികളും ഉത്തരവുകളും സംബന്ധിച്ചുള്ളതുമായ അപ്പീലുകൾ" എന്നു ചേർക്കണം.

(2) (1)-ാം ഉപവകുപ്പിൽ, താഴെ പറയുന്ന ക്ലിപ്തനിബന്ധനകൾ കൂടെ ചേർക്കണം, അതായത്:—

"എന്നാൽ ഡിസ്ട്രിക്ട് കോടതിയിൽ കൊടുത്തിട്ടുള്ളതും ഡിസ്ട്രിക്ട് മുൻസിഫന്മാരുടെ ഡിക്രികളും ഉത്തരവുകളും സംബന്ധിച്ചുള്ളതുമായ ഏതെങ്കിലും അപ്പീൽ, ഡിസ്ട്രിക്ട് ജഡ്ജിക്ക്, അതേ ഡിസ്ട്രിക്ടിൽ ആ അപ്പീൽ കേൾക്കാൻ പ്രാദേശികാധികാരമുള്ള ഏതെങ്കിലും സബോർഡിനേറ്റ് ജഡ്ജിക്കായി മാറ്റാം; അതിനുശേഷം ആ സബോർഡി

നേററ് ജഡ്ജി ആ അപ്പീൽകേട്ട് തീർപ്പാക്കേണ്ടതാണ്; അങ്ങനെ അതിലേയ്ക്ക് അദ്ദേഹത്തിന് ഒരു ഡിസ്ട്രിക്ട് ജഡ്ജിയുടെ സകല അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

എന്നുതന്നെയുമല്ല, ഡിസ്ട്രിക്ട് ജഡ്ജിക്ക്, ഈ ഉപവകുപ്പിലെ ആദ്യത്തെ ക്ലിപ്തനിബന്ധനപ്രകാരം അദ്ദേഹം മാററിയിട്ടുള്ള ഏതെങ്കിലും അപ്പീൽ തന്റെ കോടതിയിലേയ്ക്ക് വീണ്ടും മാററാവുന്നതും, നിയമത്തിന്റെ മുറപ്രകാരമുള്ള രീതിയിൽ തനിക്കുതന്നെ അതു തീരുമാനിക്കാവുന്നതുമാണ്."

(3) (2)-ാം ഉപവകുപ്പിനുശേഷം, താഴെ പറയുന്ന ഉപവകുപ്പ് ചേർക്കണം:—

"(3) സബോർഡിനേററ് ജഡ്ജിമാരുടെ അപ്പീൽ ഡിക്രികളും ഉത്തരവുകളും സംബന്ധിച്ച അപ്പീലുകൾ, നിയമം അവയെ അനുവദിക്കുന്നുണ്ടെങ്കിൽ, ഹൈക്കോടതിയിൽ കൊടുക്കാവുന്നതാണ്."

4. 1951-ലെ 22-ാം ആക്ററ്, 25-ാം വകുപ്പിനുള്ള ഭേദഗതി.

പ്രസ്തുത ആക്ററ്, 25-ാം വകുപ്പ് ഒന്നാംഖണ്ഡികയിൽ "ഡിസ്ട്രിക്ട് ജഡ്ജി" എന്നതിനു പകരം "ഡിസ്ട്രിക്ട് ജഡ്ജിയോ, സബോർഡിനേററ് ജഡ്ജിയോ," എന്ന വാക്കുകൾ ചേർക്കണം.

(A true translation).

P. Damodaran Nair,
Asst. to the Head Translator in charge.

PART II.

NOTIFICATION.

No. LA4-904/1955 — *16th August 1955.*

The following Bill together with the Statement of Objects and Reasons is published as ordered by the Speaker under Rule 73 of the Rules of Procedure and Conduct of Business in the Travancore-Cochin Legislative Assembly.

Legislature Secretariat,
Trivandrum.

V. KRISHNAMOORTHI,
Secretary,
Legislative Assembly.

THE TRAVANCORE-COCHIN GENERAL SALES-TAX (SECOND AMENDMENT) BILL, 1955.

A BILL FURTHER TO AMEND THE TRAVANCORE-COCHIN GENERAL SALES-TAX ACT, 1125.

Preamble. Whereas it is expedient further to amend the Travancore-Cochin General Sales-tax Act, 1125 (Act XI of 1125), for the purposes hereinafter appearing;

Be it enacted in the Sixth Year of the Republic of India as follows:—

1. *Short title and commencement.* (1) This Act may be called the Travancore-Cochin General Sales-tax (Second Amendment) Act, 1955.

(2) It shall come into force on such date as the Government may, by notification in the Gazette, appoint.

2. *Amendment of Section 2, Act XI of 1125.* After Clause (f) of Section 2 of the Travancore-Cochin General Sales-tax Act, 1125 (Act XI of 1125), hereinafter referred to as the principal Act, the following Clause shall be inserted, namely:—

"(ff) 'motor spirit' means any substance which by itself or in admixture with other substances is ordinarily used directly or indirectly to provide reasonably efficient fuel for automotive or stationary internal combustion engines and includes petrol, diesel oil and other internal combustion oils, but does not include kerosene, furnace oil, coal or charcoal;".

3. *Amendment of Section 3, Act XI of 1125.* In Section 3 of the principal Act, (i) in Clause (b) of sub-section (1), after the words "the tax shall be calculated", the following shall be inserted, namely:—

"at the rate of two annas and three pies for every Rupee in the turnover relating to petrol, at the rate of nine pies for every

Rupee in the turnover relating to motor spirit other than petrol, " ;

(ii) after sub-section (1), the following sub-section shall be inserted, namely :—

"(1A) The tax for each year may be assessed, levied and collected in advance during the year in monthly or quarterly instalments, and for that purpose a dealer may be required to furnish an advance estimate of his turnover for the year, or periodical returns of the actual turnover as may be prescribed. The assessing authority may determine the amount of tax payable in respect of any period and on such assessment the dealer shall pay the sum demanded within such time as may be fixed by such authority," ;

(iii) in sub-section (2), item (x) and the entries against it shall be omitted ; and

(iv) in sub-section (5), for the expression "sub-sections (1) and (2)", the expression "sub-sections (1), (1A) and (2)" shall be substituted.

4. *Amendment of Section 5, Act XI of 1125.* In Clause (vii) of Section 5 of the principal Act, between the words "sale of" and "pepper", the words "motor spirit", shall be inserted.

5. *Certain amendments to have retrospective effect.* The principal Act shall be read and construed as if the amendments made by clauses (ii) and (iv) of Section 3 had formed part of the principal Act from its commencement.

STATEMENT OF OBJECTS AND REASONS.

At present sales-tax on petrol is levied at the rate of two annas in the rupee at the first point and at the rate of three pies in the rupee at all subsequent points in the series of sales by successive dealers. Motor spirit other than petrol is subject to the levy of tax at the rate of three pies in the rupee at all points in the series of sales by successive dealers. It has been noticed that the present arrangement leaves some scope for legal and illegal evasion of tax by dealers in motor spirit at the second and last points. With a view to minimisa the evasion now prevalent among the dealers in motor spirit, it is proposed to levy the tax at the first point of sale only at the rate of two annas and three pies in the rupee in the case of petrol, and at the rate of nine pies in the rupee in the case of motor spirit other than petrol.

Further, Section 3 (1) of the Act provides for the levy of sales-tax on the sale of goods, and the Rules made under the Act provide for the collection of the tax in advance even before the

end of the financial year. The provisions regarding the levy and collection of sales-tax in Madras were also similar. In a recent judgment, the Madras High Court held that the provisions relating to levy of tax in advance were *ultra vires* in as much as the Madras General Sales-tax Act did not provide for Rules being made for the levy of tax in advance. The Law as stated by the Madras High Court has been accepted by the Madras Government and they have accordingly amended their Act to validate the assessment of tax in advance. Even though the provisions of the Act and the Rules made thereunder have not hitherto been challenged before State Courts in relation to this matter, Government consider it advisable to amend the Act on the lines of the amendments made in the Madras General Sales-tax Act. It is accordingly proposed to amend the Act so as to specifically authorise the Government to provide for the levy of sales-tax in advance. It is also proposed to give retrospective effect to the proposal from the date of commencement of the principal Act.

The Bill is intended to give effect to the above proposals.

PANAMPILLI GOVINDA MENON.

പരസ്യം.

എൽ. എ. 4-132/55. 1955 ഫെബ്രുവരി 1.

തിരുവിതാംകൂർ-കൊച്ചി നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ 73-ാം ചട്ടപ്രകാരം താഴെപ്പറയുന്ന ബിൽ ഉദ്ദേശകാരണവിവരണവും സാമ്പത്തികക്കുറിപ്പും സഹിതം സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

നിയമസഭാ സെക്രട്ടറിയേററ്,
തിരുവനന്തപുരം.

വി. കുഞ്ഞുമുത്തു,
നിയമസഭാ സെക്രട്ടറി.

1955-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന (അഭിവൃദ്ധി വിതവും വെള്ളവരിയും ചുമത്തൽ) ബിൽ.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ചില ഭൂമികളിൽ അഭിവൃദ്ധി വിതവും വെള്ളവരിയും ചുമത്താൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബില്ല്.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ചില ഭൂമികളിൽ അഭിവൃദ്ധി വിതവും വെള്ളവരിയും ചുമത്താൻ വ്യവസ്ഥ ചെയ്യുന്നതു യുക്തമായിരിക്കയാൽ ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ആറാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കപ്പെട്ടിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും:—(1) ഈ ആക്ടിന് 1955-ലെ തിരുവിതാംകൂർ-കൊച്ചി ജലസേചന (അഭിവൃദ്ധിവിതവും വെള്ളവരിയും ചുമത്തൽ) ആക്ട് എന്നു പേർ പറയാം.

(2) ഇത് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ:—ഈ ആക്ടിൽ, സന്ദർഭം മറ്റുവിധം ആവശ്യപ്പെടാത്തപക്ഷം,—

(1) 'വിതം' എന്നാൽ 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള അഭിവൃദ്ധ്യംശദാനം എന്ന് അർത്ഥമാകുന്നു.

(2) 'ജലസേചനപ്പണികൾ' എന്നതിൽ

(എ) കാർഷികാവശ്യത്തിനു വെള്ളം വിതരണം ചെയ്യുന്നതിനും സംഭരിക്കുന്നതിനും ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെടുകയോ ഉപയോഗിച്ചുകൊണ്ടിരിക്കയോ ഉപയോഗിക്കാവുന്നതോ ആയ എല്ലാ കല്യകളും, തോടുകളും, ജലാധാരങ്ങളും, കുളങ്ങളും;

(ബി) അപ്രകാരമുള്ള കല്യകൾ, തോടുകൾ, ജലാധാരങ്ങൾ അഥവാ കുളങ്ങൾ എന്നിവ സംബന്ധിച്ച എല്ലാ പണികളും, ചിറകളും, ഷട്ടറുകളും, ജലം വരുന്നതിനും പോകുന്നതിനുമുള്ള ചാനലുകളും;

(സി) അപ്രകാരമുള്ള കല്യ, തോട്, ജലാധാരം അഥവാ കുളം എന്നതിൽ നിന്നും വെള്ളം നിറയുന്ന എല്ലാ ജലമാർഗ്ഗങ്ങളും;

(ഡി) കർഷകഭൂമികളുടെ രക്ഷയ്ക്കോ നന്മയ്ക്കോ വേണ്ടിയുള്ള എല്ലാ ജലനിർഗ്ഗമനപ്പണികളും അതായതു്, കല്യകളും തോടുകളും, കല്യകളിൽ നിന്നോ തോടുകളിൽ നിന്നോ ജലാധാരത്തിൽ നിന്നോ, കുളത്തിൽ നിന്നോ വെള്ളം പോകുന്നതിനുള്ള കൈവഴികളും, അണകളും ചാലുകളും, ഷട്ടറുകളും, ചീപ്പുകളും, മരത്തൂലുകളും, മറ്റുപണികളും;

(ഇ) ഇപ്രകാരമുള്ള കല്യകളും, തോടുകളും, കുളങ്ങളും, ജലാധാരങ്ങളും എന്നിവയുടെ ആവശ്യത്തിലേയ്ക്കു് ഗവൺമെന്റു കൈവശം വച്ചിരിക്കുന്ന എല്ലാ ഭൂമികളും, ആ ഭൂമികളുടെമേൽ ഗവൺമെന്റു കൈവശം വച്ചിരിക്കുന്നതോ, ഗവൺമെന്റുവകയുമായതോ ആയ എല്ലാ കെട്ടിടങ്ങളും, യന്ത്രസാമഗ്രികളും, വേലികളും, ഗേറ്റുകളും, മറ്റു് ഏർപ്പാടുകളും ഉൾപ്പെടുന്നു.

(3) 'വൻകിട ജലസേചനപ്പണി' എന്നതിൽ 200 ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഭൂമിക്കു് ജലസേചനം ചെയ്യുകയോ അഥവാ ജലനിർഗ്ഗമനത്തിനോ രക്ഷയ്ക്കോ ഉപയോഗപ്രദമായിരിക്കുകയോ ചെയ്യുന്ന എല്ലാ ജലസേചനപ്പണികളും ഉൾപ്പെടുന്നു.

(4) ഏതെങ്കിലും ഭൂമി സംബന്ധിച്ചുള്ള 'ഭൂമികൈവശക്കാരൻ' എന്നാൽ ആ ഭൂമി സംബന്ധിച്ചു ചെല്ലേണ്ട പൊതു റവന്യൂ ഗവൺമെന്റിലേയ്ക്കു് അടയ്ക്കാൻ ബാദ്ധ്യസ്ഥനായ ആൾ എന്നു് അർത്ഥമാകുന്നതാണു്.

എന്നാൽ കൊച്ചി കുടിയാൻ ആക്റ്റ് വ്യാപിക്കുന്ന പ്രദേശത്തെ കാണപ്പാട്ടക്കാരന്റെ കൈവശത്തിരിക്കുന്ന വസ്തുവിൽ ഉൾപ്പെട്ട ഏതെങ്കിലും ഭൂമിയെ സംബന്ധിച്ചിടത്തോളം, ആ ഭൂമിയുടെ കൈവശക്കാരൻ, ജന്മിയല്ലാ, കാണപ്പാട്ടക്കാരനാണെന്നു് കരുതപ്പെടുന്നതാണു്.

(5) 'ലിഫ്റ്റ് ഇറിഗേഷൻ വർക്ക്' എന്നാൽ ജലസേചനകാര്യങ്ങൾക്കുള്ള ജലം പമ്പിംഗ് സെറ്റുകളുടെയോ, മറ്റു യന്ത്രോപകരണങ്ങളുടെയോ സഹായംമൂലം നൽകുന്ന ജലസേചനപ്പണി എന്നു് അർത്ഥമാകുന്നു.

(6) 'വിജ്ഞാപനം' എന്നാൽ ഗസററിൽ പ്രസിദ്ധം ചെയ്യുന്ന വിജ്ഞാപനം എന്നു് അർത്ഥമാകുന്നു,

(7) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റിൻപ്രകാരം നിർമ്മിക്കപ്പെട്ട ചട്ടങ്ങളാൽ 'നിർണ്ണയിക്കപ്പെട്ട' എന്നു് അർത്ഥമാകുന്നു.

3. അഭിവൃദ്ധിവിത്തം ഈടാക്കൽ:—ഗവൺമെന്റിനു്, അവരുടെ അഭിപ്രായത്തിൽ, ഏതെങ്കിലും വൻകിട ജലസേചനപ്പണിയുടെയോ, ലിഫ്റ്റ് ഇറിഗേഷൻ വർക്കിന്റെയോ നിർമ്മാണമോ, വിപുലീകരണമോ, മാറ്റമോ മൂലം ഏതെങ്കിലും ഭൂമി, ഈ ആക്റ്റ് നടപ്പായതിനു ശേഷമാകട്ടെ, അഥവാ അപ്രകാരം നടപ്പാകുന്നതിനുമുമ്പ്, എന്നാൽ 1943 ജനുവരി 1-ാം തീയതിക്കുമുമ്പല്ലാതെയുള്ള ഏതെങ്കിലും സമയത്താകട്ടെ, പ്രയോജനപ്പെടുന്നുണ്ടെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ചു് ആ വസ്തുകൈവശക്കാരനിൽ നിന്നു് ഒരു അഭിവൃദ്ധിവിത്തം ഈടാക്കാൻ ഗവൺമെന്റിനു് അധികാരമുണ്ടായിരിക്കുന്നതാണു്.

വ്യാഖ്യാനം:—ഭൂമിയുടെ ഗുണം അനുഭവിക്കാതിരിക്കുന്നതു് ആ ഭൂമിയിൽ താല്പര്യമുള്ള ആളുകളുടെയോ ഏജന്റുകളുടെയോ, പ്രവൃത്തിയോ ഉദാസീനതയോ കൊണ്ടു മാത്രമാണെങ്കിൽ, അങ്ങനെ ഗുണം അനുഭവിക്കാതിരുന്നാലും, ഭൂമിക്കു ഗുണം കിട്ടിയിട്ടുള്ളതായി കരുതപ്പെടുന്നതാണു്.

4. <u>അഭിവൃദ്ധിവിഹിതത്തിന്റെ സംഖ്യ</u>:—(1) ഏതെങ്കിലും വൻകിട ജലസേചനപ്പണിയുടെയോ, ലിഫ്റ്റ് ഇറിഗേഷൻ പണിയുടെയോ നിർമ്മാണമോ, വിപുലീകരണമോ, മാററമോമൂലം ഗുണം സിദ്ധിക്കുന്ന ഭൂമികളെ ഗവണ്മെന്റ് തരംവർഗ്ഗങ്ങളായി തിരിക്കേണ്ടതും, ജലസേചന സൗകര്യം നൽകിയാൽ ഓരോ വർഗ്ഗം ഭൂമികളുമായിട്ടുള്ള മൊത്തം വിളവിന്റെ വാർഷികവർദ്ധനവ് കണക്കാക്കേണ്ടതും ആണ്.

എന്നാൽ ഒരേ തരത്തിൽപ്പെടുന്നതും, സ്ഥിതിചെയ്യുന്ന സ്ഥാനം നോക്കുമ്പോൾ പണിയിൽ നിന്ന് ഒരേ സംഖ്യ ഗുണം ലഭിക്കാവുന്ന വിധം സ്ഥിതിചെയ്യുന്നതും ആയ എല്ലാ ഭൂമികളെയും ഒരേ വർഗ്ഗത്തിൽപ്പെടുത്തേണ്ടതാണ്.

(2) ആകെ വിളവിലുള്ള വാർഷികവർദ്ധനവ് കണക്കാക്കേണ്ടത് അപ്രകാരം കണക്കാക്കുന്ന തീയതിക്കു തൊട്ടുമുമ്പുള്ള പതിനഞ്ചു കൊല്ലക്കാലം നിലവിലിരിക്കുന്ന വിലകളുടെ ശരാശരി അനുസരിച്ചു വേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പിൻപ്രകാരം തിട്ടപ്പെടുത്തിയ ആകെവിളവിലുള്ള വാർഷിക വർദ്ധനവിന്റെ ഇരുപതടങ്ങ്, ഓരോ വർഗ്ഗം ഭൂമിയുടെയും മുതൽ വിലയിലെ വർദ്ധനവായി കരുതേണ്ടതാണ്. ആ വർഗ്ഗത്തിൽപ്പെട്ട ഭൂമികളുടെ കാര്യത്തിൽ കൊടുക്കേണ്ട വിഹിതം, മുതൽ വിലയിലുള്ള മേൽപ്പറഞ്ഞ വർദ്ധനവും, വൻകിട ജലസേചനപ്പണിയോ, ലിഫ്റ്റ് ഇറിഗേഷൻ വർക്കോ കാരണം ഉപയോഗപ്രദമായ വിധത്തിൽ ജലസേചനം നടത്തുന്നതിന് ഭൂമികളെ പര്യാപ്തമാക്കിത്തീർക്കുന്നതിനുള്ള ചെലവും (നിർണ്ണയിക്കപ്പെട്ടവിധം തിട്ടപ്പെടുത്തിയത്) തമ്മിലുള്ള വ്യത്യാസത്തിന്റെ നാലിലൊന്നു സംഖ്യ ആയിരിക്കുന്നതുമാകുന്നു.

(4) ഓരോ വർഗ്ഗത്തിൽപ്പെട്ട ഭൂമികളുടെ കാര്യത്തിൽ, ഓരോ ഏക്കറിനുമുള്ള നിരക്കിൽ കൊടുക്കേണ്ടതായി പറഞ്ഞ അംശദാനം ഗസററിലും, നിർണ്ണയിക്കപ്പെടാവുന്ന മറ്റുവിധം വല്ലതുമുണ്ടെങ്കിൽ ആ വിധത്തിലും പരസ്യപ്പെടുത്തേണ്ടതാകുന്നു.

എന്നാൽ ആ ആവശ്യാർത്ഥം അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഈ വകുപ്പിലെ മുൻ നിബന്ധനകൾ പ്രകാരമുള്ള അംശദാനം തീർച്ചപ്പെടുത്തുന്നതിനുമുമ്പായി തന്റെ നിർദ്ദേശങ്ങൾ, നിർണ്ണയിക്കപ്പെട്ടവിധത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അനുവദിക്കപ്പെട്ട കാലത്തിനുള്ളിൽ കിട്ടിയ അഭിപ്രായങ്ങളെയും ആക്ഷേപങ്ങളെയുംപററി പര്യാലോചിക്കേണ്ടതും ആകുന്നു.

എന്നുമാത്രമല്ല, (4)-ാം ഉപവകുപ്പിൻപ്രകാരം പരസ്യപ്പെടുത്തിയ അംശദാനം സംബന്ധിച്ച തീർപ്പിനെതിരായ അപ്പീൽ, നിർണ്ണയിക്കപ്പെട്ട അധികാരസ്ഥന് കൊടുക്കാവുന്നതും, ആ അപ്പീലിൽ വരുത്തുന്ന ഏതൊരു ഭേദഗതിയും നിർണ്ണയിക്കപ്പെട്ടവിധത്തിൽ പരസ്യപ്പെടുത്തേണ്ടതും ആണ്.

(5) (4)-ാം ഉപവകുപ്പുപ്രകാരം പരസ്യം ചെയ്തിട്ടുള്ള അംശദാനം സംബന്ധിച്ച തീരുമാനങ്ങൾ, പ്രസ്തുത ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അപ്പീലവകാശത്തിനു വിധേയമായി നിർണ്ണായകമായിരിക്കുന്നതും, വസ്തുക്കളിൽ അവകാശമുള്ള എല്ലാപേരെയും ബന്ധിക്കുന്നതും, യാതൊരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

5. വെള്ളവരി:—(1) ഈ ആക്ട് നടപ്പിലായതിനുശേഷമോ അതിനുമുമ്പ്, പക്ഷേ 1943 ജനുവരി 1-ാം തീയതി കഴിഞ്ഞല്ലാതെ, ഉള്ള ഏതെങ്കിലും സമയത്തോ, ഏതെങ്കിലും വൻകിട ജലസേചന പ്രോജക്ടോ, ലിഫ്റ്റ് ഇറിഗേഷൻ പണിയോ സംബന്ധിച്ച് ഗവണ്മെന്റ് നടത്തുന്ന നിർമ്മാണമോ, വിപുലീകരണമോ, മാറ്റമോ കൊണ്ട് ഗുണം ലഭിച്ച ഏതെങ്കിലും ഭൂമിയുടെ യഥാർത്ഥ കൈവശക്കാരനിൽനിന്ന് (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള നിരക്കുകളിൽ ഒരു ജലവരി ഈടാക്കാൻ ഗവണ്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

വിശദീകരണം:—ഭൂമിയുടെ ഗുണം അനുഭവിക്കാതിരിക്കുന്നത് ആ ഭൂമി യഥാർത്ഥത്തിൽ കൈവശമിരിക്കുന്ന വ്യക്തിയുടെയോ, വ്യക്തികളുടെയോ പ്രവൃത്തിയോ ഉദാസീനതയോ കൊണ്ട് മാത്രമാണെങ്കിൽ അങ്ങനെ ഗുണം അനുഭവിക്കാതിരുന്നാലും, ഭൂമിക്ക് ഗുണം കിട്ടിയിട്ടുള്ളതായി കരുതപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻപ്രകാരം ചുമത്തപ്പെടേണ്ട ജലവരി താഴെപ്പറയുന്ന നിരക്കുകളിൽ ആയിരിക്കുന്നതാണ്:—

(എ)	നിലമാക്കി രണ്ടോ അതിലധികമോ വിളവെടുക്കത്തക്കവണ്ണം രൂപപ്പെടുത്തിട്ടുള്ള പുരയിടങ്ങൾ.	ഏക്കറൊന്നിന് 10 രൂ.
(ബി)	നിലമാക്കി ഒരു വിളവുമാത്രം എടുക്കുന്ന പുരയിടം.	ഏക്കറൊന്നിന് 7 രൂ.
(സി)	നേരത്തെതന്നെ നിലമായി രജിസ്റ്റർ ചെയ്ത ഭൂമികൾ,	ഏക്കറൊന്നിന് 5 രൂ.

എന്നാൽ; തേകിയോ, യന്ത്രോപകരണം മൂലമോ ജലസേചനം സാധിച്ച സന്ദർഭങ്ങളിൽ, ഈടാക്കേണ്ട ജലവരി തരാതരം പോലെ, (എ) ഖണ്ഡത്തിലോ, (ബി) ഖണ്ഡത്തിലോ, (സി) ഖണ്ഡത്തിലോ വിവരിച്ചിട്ടുള്ള നിരക്കുകളുടെ 50 ശതമാനം ആയിരിക്കുന്നതാണ്.

(3) ഏതെങ്കിലും ഭൂമി സംബന്ധിച്ച് ഈ വകുപ്പിൻപ്രകാരം കൊടുക്കേണ്ട ജലവരി 1951-ലെ തിരുവിതാംകൂർ-കൊച്ചി കരം പിരിവ് ആക്ടിലെ വ്യവസ്ഥകളനുസരിച്ച്, ഭൂനികുതി കുടിശ്ശികയായിരുന്നാലെന്നപോലെ, ഈടാക്കാവുന്നതാണ്.

(4) ജലവരി കുടിശ്ശികയ്ക്ക് പ്രതിവർഷം 6 ശതമാനം നിരക്കിൽ പലിശ ഉണ്ടായിരിക്കുന്നതാണ്.

6. ഭൂനികുതി കുടിശ്ശിക പോലെ അംശദാനം ഈടാക്കാവുന്നതാണെന്ന്:—ഏതു ഭൂമിയെ സംബന്ധിച്ചും ഈ ആക്ടനുസരിച്ച് കൊടുക്കേണ്ട അംശദാനം, പ്രസ്തുത ഭൂമിയിൽനിന്ന് ഈടാക്കേണ്ട പൊതുനികുതിയായി പരിഗണിക്കപ്പെടും, ആ ഭൂമിയും അതിലുള്ള കെട്ടിടങ്ങളും അതിലെ ഉൽപ്പന്നങ്ങളും, അംശദാനത്തിന് ജാമ്യമായി കരുതേണ്ടതാണ്. ഏതെങ്കിലും കൊല്ലത്തിൽ അടയ്ക്കേണ്ടതായ അംശദാനത്തിന്റെ തവണയുടെ മുഴുവൻ തുകയോ, ഒരു ഭാഗമോ, ഗഡു ദിവസം കൊടുത്തില്ലെങ്കിൽ, ആ തവണത്തുകയോ, അതിലെ അടച്ചിട്ടില്ലാത്ത ഭാഗമോ ഭൂനികുതി കുടിശ്ശികയായി കരുതപ്പെടുന്നതും, 1951-ലെ തിരുവിതാംകൂർ-കൊച്ചി കരം

പിരിവ് ആക്റ്റിലെ വ്യവസ്ഥകൾ, അവ പ്രസ്തുത ഭൂമിയിൽ നിന്നുള്ള റവന്യൂ ഈടാക്കുന്നതിന് പ്രയോജ്യമാവുന്നതുപോലെ, പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതു സംബന്ധിച്ച് പ്രയോജ്യമാവുന്നതുമാണ്.

7. അംശദായം കൊടുക്കേണ്ടതു് എപ്പോഴെന്ന്:—(1) ഈ ആക്റ്റനുസരിച്ച് അംശദായം കൊടുക്കേണ്ടതായി വരുന്നതു്, ആ കാര്യത്തിനായി ഗവണ്മെന്റ് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ രേഖാമൂലം അതിലേയ്ക്കായി ഒരു ഡിമാൻഡ് നോട്ടീസ് ഭൂമി കൈവശക്കാരന്റെ പേരിൽ നടത്തുന്നതോടുകൂടിയാണ്.

എന്നാൽ, സംബന്ധപ്പെട്ട ഭൂമിക്ക് ജലസേചന സൗകര്യങ്ങൾ നൽകുന്ന തീയതിക്കുശേഷം രണ്ടു കൊല്ലം അവസാനിക്കുന്നതുവരെ അപ്രകാരം യാതൊരു നോട്ടീസും നടത്താൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ കാര്യങ്ങൾക്ക്, വൻകിട ജലസേചനപ്പണിയോ ലിഫ്റ്റ് ഇറിഗേഷൻ പണിയോ നടപ്പിലാക്കുന്ന ഒരു പ്രത്യേക പ്രദേശത്തേയ്ക്ക് ജലസേചന സൗകര്യങ്ങൾ നൽകുന്ന തീയതി, ഗവണ്മെന്റ് വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന തീയതി ആയിരിക്കുന്നതാണ്.

(3) ഭൂമി കൈവശക്കാരനല്ലാതെ, എന്നാൽ ഭൂമിയിൽ അവകാശബന്ധമുള്ള, ഏതെങ്കിലും ആളുടെയോ, ഭൂമി കൈവശക്കാരന്റെ അവകാശബന്ധത്തോടുകൂടിയ പിന്തുടർച്ചക്കാരന്റെയോ പേർക്കോ, അംശദായത്തിന്റെ ഏതെങ്കിലും തവണ സംബന്ധിച്ചോ നോട്ടീസ് നടത്തേണ്ട ആവശ്യമില്ലെന്ന്, സംശയം തീർക്കാൻ, ഇതിനാൽ പ്രഖ്യാപിക്കുന്നു.

8. അംശദായം കൊടുക്കേണ്ട വിധം:—(1) ഒരു ഭൂമി കൈവശക്കാരൻ കൊടുക്കേണ്ട അംശദായം ആണ്ടിൽ ഇരുപതു തുല്യതവണകളായി, അടച്ചുതീർക്കേണ്ടതാണ്.

എന്നാൽ അംശദായം കൊടുപ്പാൻ ബാദ്ധ്യസ്ഥനാകുന്ന തീയതി മുതൽ ഒരു കൊല്ലക്കാലത്തിനുള്ളിൽ മുഴുവൻ അംശദായവും പത്തുശതമാനം കുറച്ച് അടയ്ക്കാൻ ആയാൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അംശദായത്തിന്റെ തവണ കുടിശ്ശികകൾക്ക് ആണ്ടൊന്നിന് 6 ശതമാനം നിരക്കിൽ പലിശ ഉണ്ടായിരിക്കുന്നതാണ്.

9. ചില സന്ദർഭങ്ങളിൽ കുറവു ചെയ്യൽ:—ഏതെങ്കിലും വൻകിട ജലസേചനപ്പണിയുടെയോ, ലിഫ്റ്റ് ഇറിഗേഷൻ പണിയുടെയോ നിർമ്മാണത്തിനോ, വിപുലീകരണത്തിനോ മാറ്റത്തിനോ ഏതെങ്കിലും വ്യക്തിയിൽ നിന്നും ഏതെങ്കിലും തുക ഗവണ്മെന്റ് സ്വീകരിക്കുകയും, അപ്രകാരമുള്ള നിർമ്മാണമോ വിപുലീകരണമോ മാറ്റമോ മൂലം ഗുണം സിദ്ധിച്ച ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് അംശദായം അപ്രകാരമുള്ള വ്യക്തി കൊടുപ്പാൻ ബാദ്ധ്യസ്ഥനായിത്തീരുകയും ചെയ്യുന്നപക്ഷം, ആയാളുടെ പക്കൽ നിന്നും സ്വീകരിച്ച തുക ആയാൾ അടയ്ക്കാനുള്ള അംശദായത്തിൽ കൊള്ളിക്കേണ്ടതാണ്.

10. അംശദായം സംബന്ധിച്ചുള്ള തുക തിരികെ കൊടുക്കാനുള്ള അധികാരം:—ഒരു പ്രത്യേക ഭൂമിയെ സംബന്ധിച്ച് ഈ ആക്റ്റ് അനുസരിച്ച് രണ്ടോ അതിലധികമോ ആളുകൾ അംശദായം കൊടുപ്പാൻ

ബാദ്ധ്യസ്ഥനായാൽ, ഈ ആക്റ്റിലുള്ള യാതൊന്നും അപ്രകാരമുള്ള മറേറാ ആളുകൾക്കു മറേറ ആളിൽ നിന്നും തുക തിരികെ കിട്ടാനുള്ള അവകാശത്തെ ബാധിക്കുന്നതായി കരുതാൻ പാടില്ലാത്തതാകുന്നു.

11. അംശദാനത്തുക പാട്ടക്കാരനോ ഒററിക്കാരനോ കൊടുപ്പാൻ ബാദ്ധ്യതയുള്ളതു:—3, 6, 7, 8, എന്നീ വകുപ്പുകളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഒരു വൻകിട ജലസേചനപ്പണിയാലോ, ലിഫ്റ്റ് ഇറിഗേഷൻ പണിയാലോ ഗുണം സിദ്ധിക്കുന്ന ഏതെങ്കിലും ഭൂമി, ഒരു പാട്ടക്കരാറിൻപ്രകാരം ഒരു കുടിയാന്റെ അനുഭവത്തിലിരിക്കുകയും, പാട്ടം കൊടുത്ത ആൾക്ക് പാട്ടത്തെ നിയന്ത്രിക്കുന്ന ഏതെങ്കിലും നിയമപ്രകാരമോ, കുടിയായ്മക്കരാറ് അനുസരിച്ചോ പാട്ടം വർദ്ധിപ്പിക്കാൻ അർഹതയില്ലാതിരിക്കുകയും ചെയ്യുമ്പോഴോ, അപ്രകാരമുള്ള ഭൂമി ഒരു ഒററിക്കാരന്റെ കൈവശത്തിലിരിക്കുമ്പോഴോ, അനുഭവമോ കൈവശമോ ഉള്ള കാലത്തു ചെല്ലേണ്ട അംശദാനത്തവണ കൊടുക്കേണ്ട ബാദ്ധ്യത, കുടിയാനോ ഒററിക്കാരനോ ആയിരിക്കുന്നതും, അപ്രകാരം ചെല്ലേണ്ട തുക ആ കുടിയാനോ ഒററിക്കാരനോ പ്രസ്തുത ഭൂമിയിലുള്ള അവകാശത്തിന്മേൽ ഒരു ചാർജ്ജ് ആയിരിക്കുന്നതും, ആ കുടിയാനിൽ നിന്നോ ഒററിക്കാരനിൽ നിന്നോ അതു ഭൂനികുതി കുടിശ്ശികയെന്നപോലെ ഈടാക്കപ്പെടേണ്ടതും, 3, 7, 8 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ, ഭൂമി കൈവശക്കാരനിൽ നിന്നുള്ള തവണ സംബന്ധിച്ച് പ്രയോഗ്യമാകുന്നതുപോലെ അപ്രകാരമുള്ള ഏതെങ്കിലും തവണസംബന്ധിച്ച് ബാധകമാകുന്നതുമാണ്.

12. ഒഴിവാക്കൽ:—ഗവൺമെന്റിന്റെ അഭിപ്രായത്തിൽ, ഈ ആക്റ്റിലെ വ്യവസ്ഥകളെല്ലാമോ ഏതെങ്കിലുമോ നടപ്പിലാക്കുകയോ ഊർജ്ജിതമായി നടപ്പിലാക്കുകയോ ചെയ്യുന്നത് ഏതെങ്കിലും സന്ദർഭത്തിലോ സന്ദർഭങ്ങളിലോ വൈഷമ്യഹേതുകമാവുമെങ്കിൽ, ഗവൺമെന്റ് വിജ്ഞാപനംമൂലം, അതിലേയ്ക്കുള്ള കാരണങ്ങൾ ഉന്നയിച്ചുകൊണ്ട് ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകളിൽ നിന്ന് അത്തരം കേസ്സിനെയോ കേസ്സുകളെയോ, ചുമത്തുന്നത് യുക്തമെന്ന് ഗവൺമെന്റ് കരുതാവുന്ന ഉപാധികൾ വല്ലതും ഉണ്ടെങ്കിൽ അവയ്ക്കു വിധേയമായി, സ്ഥിരമായോ ഒരു നിർദ്ദിഷ്ടകാലത്തിലേയ്ക്കോ, ഒഴിവാക്കാവുന്നതാകുന്നു.

13. അംശദാനം ഈടാക്കൽ മാററിവയ്ക്കുന്നതു:—ഏതെങ്കിലും പ്രദേശത്ത് വിളവു വല്ലു [illegible]പ്പെട്ടെങ്കിൽ, ഗവൺമെന്റിന്, ഈ ആക്റ്റിലോ അതനുസരിച്ചു നിർമ്മിതമായ ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അഭിവൃദ്ധിപരമായ അംശദാനത്തിന്റെ ഏതെങ്കിലും തവണ ഈടാക്കൽ, അവർക്ക് യുക്തമെന്നു തോന്നാവുന്ന കാലത്തേയ്ക്കു മാററിവയ്ക്കാവുന്നതാണ്.

14. നഷ്ടങ്ങൾക്കു മുതലായവയ്ക്കു ഗവൺമെന്റിനു ബാദ്ധ്യതയില്ലെന്ന്:—ഒരു ജോലിയിൽ ചെയ്യപ്പെട്ടിട്ടുള്ള വരൾച്ചയോ, [illegible] വ്യത്യയം ചെയ്തുകൊണ്ടോ, ഗവൺമെന്റിന്റെ നിയന്ത്രണത്തിന് അതീതമായ ഏതെങ്കിലും കാരണംകൊണ്ടോ സംഭവിച്ച നഷ്ടങ്ങൾക്കു നഷ്ടപരിഹാരം നേടുന്നതിനോ, അഭിവൃദ്ധിപരമായ അംശദാനത്തിന്റെ ഏതെ

ത്തിലും തവണയോ അതിന്റെ ഭാഗമോ തിരിച്ചുകിട്ടുമെന്നോ ഉള്ള യാതൊരു അവകാശവും ഗവൺമെന്റിൽനിന്ന് ആവശ്യപ്പെടാൻ പാടുള്ളതല്ല.

15. നഷ്ടോത്തരവാദം:—ഈ ആക്ടോ അതിൻപ്രകാരം നിർമ്മിതമായ ചട്ടങ്ങളോ പ്രകാരം, ഉത്തമവിശ്വാസത്തിൽ എന്തെങ്കിലും ചെയ്തിട്ടുള്ളതോ, ചെയ്യുവാനുദ്ദേശിച്ചിട്ടുള്ളതോ സംബന്ധിച്ച്, ആരെങ്കിലും ആളിനെതിരായി, യാതൊരു വ്യവഹാരവും, പ്രോസിക്യൂഷനും അല്ലെങ്കിൽ നിയമപരമായ മറ്റു നടപടിയും സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

16. ചട്ടങ്ങൾ നിർമ്മിക്കാൻ അധികാരം:—ഈ ആക്ടിലെ കാര്യങ്ങളും, പ്രത്യേകിച്ച് താഴെ പറയുന്നവയും നിറവേറ്റുവാൻ ഗവൺമെന്റിനു പരസ്യംമൂലം ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.

(എ) അവരുടെ അധികാരങ്ങൾ റവന്യൂബോർഡിനെയോ, കളക്ടർമാരെയോ, മറ്റു അധികൃതരെയോ ഏല്പിക്കുക.

(ബി) അപ്രകാരം അധികാരങ്ങൾ ഏല്പിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരസ്ഥൻ പാസ്സാക്കിയ ഉത്തരവുകൾക്ക് ആവശ്യമെന്നു കാണാവുന്ന അപ്പീലുകൾക്കും പുനഃപരിശോധനയ്ക്കും വ്യവസ്ഥ ചെയ്യുക.

(സി) 4-ാം വകുപ്പിൻപ്രകാരം മൊത്തം വിളവും വിലയും മതിക്കുന്ന വിധം.

(ഡി) നിർണ്ണയിക്കപ്പെടേണ്ടതാണെന്ന് ഈ ആക്ടിൻപ്രകാരം വ്യക്തമായി ആവശ്യപ്പെടുകയോ അനുവദിക്കപ്പെടുകയോ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും.

17. ഈ ആക്ടിൻപ്രകാരം ജലവരി ചുമത്തുന്നതിനു മുൻകാല ജലസേചനആക്ടുകളിലെ ചില വ്യവസ്ഥകൾ പ്രയോഗ്യമല്ലെന്ന്:—1072-ലെ 3-ാം ആക്ടായ തിരുവിതാംകൂർ ജലസേചന ആക്ട്, 18-ാം വകുപ്പിലോ, 1111-ലെ 8-ാം ആക്ടായ കൊച്ചി ജലസേചന ആക്ട്, 20-ാം വകുപ്പിലോ അടങ്ങിയിട്ടുള്ള യാതൊന്നും, ഒരു വൻകിട ജലസേചനപ്പണിയോ, ലിഫ്റ്റ് ഇറിഗേഷൻ വർക്കോ സംബന്ധിച്ച് ഗവൺമെന്റ് നടത്തുന്ന നിർമ്മാണമോ, വിപുലീകരണമോ, മാറ്റമോമൂലം ജലം സിദ്ധിച്ചതും, ഈ ആക്ടിൻപ്രകാരം ജലവരി ഈടാക്കേണ്ടതുമായ ഏതെങ്കിലും ഭൂമിയെ ബാധിക്കുന്നതായി കരുതാൻ പാടില്ല.

ഉദ്ദേശകാരണവിവരണം.

ഈ അടുത്ത കൊല്ലങ്ങളിൽ നിർമ്മിക്കപ്പെട്ടവയും, നിർമ്മാണം നടന്നുകൊണ്ടിരിക്കുകയോ, ആലോചനയിലിരിക്കുകയോ ചെയ്യുന്നവയുമായ വൻകിട ജലസേചനപ്പണികളും, ലിഫ്റ്റ് ഇറിഗേഷൻ പണികളും മുൻകൊല്ലങ്ങളിൽ നിർമ്മിക്കപ്പെട്ടവയെക്കാൾ കൂടുതൽ ചെലവുള്ളവയാണ്. ഈ പദ്ധതികൾമൂലം ജലം സിദ്ധിച്ച ഭൂമികളുടെ ഉടമസ്ഥന്മാർക്ക് അവയിൽ നിന്നും വർഷംപ്രതി ലഭിക്കുന്ന ആദായത്തിനു പുറമെ, പൊതുവെ കരംകൊടുക്കുന്നവരുടെ ചെലവിൽ ഭൂമിയുടെ വിലയിൽ

സാരമായ വർദ്ധനവു കിട്ടുന്ന എന്ന പ്രയോജനം കൂടിയുണ്ടു്. സ്വന്തം പ്രയത്നംകൂടാതെയും, എന്നാൽ വിപുലമായ സമുദായത്തിന്റെ പ്രയത്നഫലമായും വൻകിട ജലസേചനപ്പണികളുടെയും, ലിഫ്റ്റ് ഇറിഗേഷൻ പണികളുടെയും നിർമ്മാണംമൂലം അപ്രകാരം "അയത്നലാഭം" കിട്ടുന്ന വ്യക്തികൾ തങ്ങൾ അനുഭവിക്കുന്ന പ്രയോജനങ്ങൾക്കു വേണ്ടിവരുന്ന ചെലവിന്റെ ന്യായമായ ഒരു പങ്ക് എങ്കിലും വഹിക്കേണ്ടതു കേവലം ന്യായം മാത്രമാണ്. അതിനാൽ 1943 ജനുവരി 1-ാംതീയതിക്കുശേഷം നിർമ്മിക്കപ്പെട്ടിട്ടുള്ള വൻകിട ജലസേചനപ്പണികളും, ലിഫ്റ്റ് ഇറിഗേഷൻ പണികളുംമൂലം ഗുണം ലഭിക്കപ്പെടുന്ന ഭൂമികൾക്ക്, ഗവണ്മെന്റ് ഒരു അഭിവൃദ്ധിനികുതി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഈ ജലസേചനപ്പണികൾമൂലം ഗുണം സിദ്ധിക്കുന്ന ഭൂമികൾക്ക് ഒരു ജലവരി ഏർപ്പെടുത്താനുംകൂടി ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. തിരുവിതാംകൂർ ജലസേചന ആക്ട് 18-ാം വകുപ്പ്, വൻകിട ജലസേചനപ്പണിക്കു് മൂലധനമുടക്കിന്റെ 6 ശതമാനത്തിൽ കൂടാതെയുള്ള പ്രതിഫലം സമ്പാദിക്കുന്ന ഒരു വരി ചുമത്താൻ ഗവണ്മെന്റിനു് അധികാരം നൽകുന്നു. കൊച്ചി ജലസേചന ആക്ട് 20-ാം വകുപ്പ്, പഴക്കത്തിനും സംരക്ഷണത്തിനും വ്യവസ്ഥചെയ്തശേഷം, മൂലധനമുടക്കിന്റെ 3 ശതമാനം ആദായം സമ്പാദിക്കുന്ന ഒരു വരി ചുമത്താൻ ഗവണ്മെന്റിനെ അധികാരപ്പെടുത്തുന്നു. പണിയുടെ മൊത്തം മുടക്കനോക്കാതെ ഏക്കറേജ് അടിസ്ഥാനത്തിൽ ജലവരി ചുമത്തുന്നതു് ആശാസ്യമാണെന്നു വിചാരിക്കുന്നു.'

1943 ജനുവരി 1-ാം മുതൽ ഏതെങ്കിലും വൻകിട ജലസേചനപ്പണിയുടെയോ, ലിഫ്റ്റ് ഇറിഗേഷൻ പണിയുടെയോ നിർമ്മാണമോ, വിപുലീകരണമോ, മാറ്റമോകൊണ്ടു ഗുണം സിദ്ധിച്ചിട്ടുള്ള ഭൂമികളുടെ കൈവശക്കാരിൽനിന്നും അഭിവൃദ്ധിവിഹിതം ഈടാക്കാൻ ഗവണ്മെന്റിനെ ഈ ബിൽ ശക്തമാക്കുന്നു. ഓരോ പദ്ധതിപ്രകാരമുള്ള ഗുണമായ ഭൂമികളെ തക്കവർഗ്ഗങ്ങളായി തിരിക്കുകയും, ഓരോ വർഗ്ഗം ഭൂമിയുടെയും മൊത്തം വിളവിന്റെ വാർഷികവർദ്ധനവു തിട്ടപ്പെടുത്തുകയും ചെയ്യുന്നതാണ്. മൊത്തം വിളവിന്റെ വാർഷികവർദ്ധനവിന്റെ ഇരുപതുമടങ്ങ്, ഓരോ വർഗ്ഗം ഭൂമിയുടെയും മുതൽവിലയിലെ വർദ്ധനവായി കരുതപ്പെടും. മുതൽ വിലയിലെ പ്രസ്തുത വർദ്ധനവു ജലസേചനത്തിനു തക്കവിധം ഭൂമിയെ ഉപയോഗയോഗ്യമാക്കുന്നതിനുള്ള ചെലവിനേക്കാൾ എത്ര കൂടുതലാകുമോ അതിന്റെ നാലിലൊന്ന്, അത്തരം വർഗ്ഗം ഭൂമികൾ സംബന്ധിച്ചു കൊടുക്കേണ്ട അംശദാനം ആയിരിക്കുന്നതാണ്.

ജലസേചനസൗകര്യങ്ങൾ ലഭിക്കുന്ന തീയതി മുതൽ രണ്ടു കൊല്ലം കഴിഞ്ഞാൽ അംശദാനം അടയ്ക്കേണ്ടതായ് വരും. അംശദാനം ആണ്ടിൽ ഇരുപതു തുല്യതവണകളായി അടയ്ക്കേണ്ടതാണ്. ഭൂമി കൈവശക്കാരൻ, മുഴുവൻ അംശദാനവും, അഭിവൃദ്ധിവിഹിതം അടയ്ക്കാൻ ബാദ്ധ്യസ്ഥനാകുന്ന തീയതിമുതൽ ഒരു കൊല്ലത്തിനകം അടച്ചുതീർത്താൽ, അയാൾക്ക് പത്തു ശതമാനം റിബേറ്റിനു് അവകാശം ഉണ്ടായിരിക്കും.

ഭൂമി ഒരു കുടിയാന്റെ സ്വാധീനത്തിലിരിക്കുകയും, ജന്മിക്കു പാട്ടം കൂട്ടാൻ അർഹതയില്ലാതിരിക്കുകയും ചെയ്യുമ്പോഴോ, ഭൂമി ഒരു ഒറ്റിക്കാ

ന്റെ സ്വാധീനത്തിലിരിക്കുമ്പോഴോ, സ്വാധീനത്തിലിരിക്കുന്ന കാലത്തേയ്ക്കു ചെല്ലാനുള്ള അംശദാനത്തിന്റെ തുക കൂടിയാണോ മററിക്കാരനെ കൊടുക്കേണ്ടതാണെന്നുംകൂടി ബില്ലിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ടകാരണങ്ങളുടെ മേലും, ചുമത്തേണ്ടതു യുക്തമെന്നു ഗവണ്മെന്റ കരുതാവുന്ന ഉപാധികൾക്കു വിധേയമായും, ബില്ലിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകളിൽനിന്ന്, ക്ലേശമുള്ള സന്ദർഭങ്ങൾ ഒഴിവാക്കുന്നതിനും ബിൽ വ്യവസ്ഥ ചെയ്യുന്നു.

എ. അച്യുതൻ.

സാമ്പത്തികക്കുറിപ്പ്.

അഭിവൃദ്ധിവീതം നിശ്ചയിക്കുവാൻ ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുന്നതിനാണ് ബില്ലിന്റെ 4-ാം ഖണ്ഡംമൂലം ഉദ്ദേശിച്ചിട്ടുള്ളത്. അങ്ങനെയുള്ള പല ഉദ്യോഗസ്ഥന്മാരും, പല പ്രാദേശികാഫീസുകളും സംബന്ധിച്ചു വേണ്ടിവരും. അംശദാനവും മലവരിയും പിരിക്കുന്നതിനും, ഈടാക്കുന്നതിനും, കൂടുതൽ സ്റ്റാഫും ആവശ്യമായേക്കും. ഈ ബിൽ, നിയമമാക്കി ഊർജ്ജിതത്തിൽ വരുത്തുമ്പോൾ, സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് ഈ വക ആവശ്യങ്ങൾക്കു പണം ചെലവു ചെയ്യേണ്ടിവരും. നിയമിക്കേണ്ടിവരുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണവും, വരാവുന്ന ചെലവും ഇപ്പോൾ കണക്കാക്കുവാൻ കഴിയുന്നതല്ല.

(A true translation)

K. DAMODARAN,
Head Translator to Government.